## കേരള സർക്കാർ

### സംഗ്രഹം

പൊതുഭരണ വകുപ്പ്- കോവിഡ്-19 വ്യാപനം തടയുന്നതിന് ബ്രേക്ക് ദ ചെയിൻ പ്രചരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ ആഫീസുകളിലും പൊതു ഇടങ്ങളിലും ഏർപ്പെടുത്തേണ്ട ക്രമീകരണങ്ങൾ നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### പൊതുഭരണ (എസ്.എസ്.) വകുപ്പ്

സ.ഉ.(സാധാ.) നമ്പർ. 1238/2020/പൊ.ഭ.വ. തീയതി, തിരുവനന്തപുരം 19.03.2020

---

പരാമർശം :- 18.03.2020 ലെ എസ്.എസ്1/50/2020/പൊ.ഭ.വ. നമ്പർ സർക്കാർ പരിപത്രം.

## <u>ഉത്തരവ്</u>

കോവിഡ്-19 സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ രോഗവ്യാപനം തടയുന്നതിനായി 'ബ്രേക്ക് ദ ചെയിൻ' (Break the Chain) (BTC) എന്ന പേരിൽ ഒരു സാമൂഹ്യ സുരക്ഷാ പ്രചരണപദ്ധതി സർക്കാർ പ്രഖ്യാപിച്ചിരുന്നു. പ്രത്യക്ഷമായോ പരോക്ഷമായോ ജനങ്ങളുടെ ഇടയിൽ കോവിഡ്-19 പകരുന്നത് തടയുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പ്രചരണ പദ്ധതി. ഇതിന്റെ പ്രചരണത്തിന്റെ ഭാഗമായി താഴെപറയുന്ന പ്രവൃത്തികൾ നിർവ്വഹിക്കേണ്ടതാണ്.

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുൾപ്പെടെയുള്ള എല്ലാ സർക്കാർ ഓഫീസുകളുടെയും പ്രവേശന കവാടത്തിനു മുന്നിലായി ബ്രേക്ക് ദ ചെയിൻ കിയോസ്കുകൾ സ്ഥാപിക്കുക.
2. ബ്രേക്ക് ദ ചെയിൻ കിയോസ്കുകൾ താഴെപറയും പ്രകാരമായിരിക്കണം

   എ) 'ബ്രേക്ക് ദ ചെയിൻ' ന്റെ പ്രചരണം മുദ്രാവാക്യം ആലേഖനം ചെയ്ത പോസ്റ്റ്/ ബാനർ ഉണ്ടായിരിക്കണം.

   ബി) 60 % എങ്കിലും ആൾക്കഹോൾ സാന്നിധ്യമുള്ള ഹാൻഡ് സാനിറ്റൈസർ

   (അല്ലെങ്കിൽ)

   സി) കൈകൾ കഴുകുന്നതിനുള്ള സംവിധാനം (ദ്രവരൂപത്തിലുള്ള ഹാൻഡ് വാഷും വെള്ളവും)

3. ഓരോ ആഫീസുകളിലോ കെട്ടിടങ്ങളിലോ പ്രവേശിക്കുന്നതിനു മുൻപായി എല്ലാ ജീവനക്കാരും സന്ദർശകരും രോഗവ്യാപനത്തിന്റെ ചങ്ങല പൊട്ടിച്ചെറിയുന്നതിന്റെ ഭാഗമായി തങ്ങളുടെ കൈകൾ അണുവിമുക്തമാക്കേണ്ടതാണ്/ കഴുകി സൂക്ഷിക്കേണ്ടതാണ്. ആവശ്യമെങ്കിൽ ഒരു സന്നദ്ധ പ്രവർത്തകനെ കണ്ടെത്തി കൈകൾ വൃത്തിയാക്കേണ്ടതിന്റെ ആവശ്യകത സന്ദർശകരെയും ജീവനക്കാരെയും ബോധ്യപ്പെടുത്താൻ നിയോഗിക്കേണ്ടതാണ്. 'ബ്രേക്ക് ദ ചെയിൻ' കിയോസ്കുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ ചെലവുകൾ വകുപ്പുതലവന്മാർ അവരവരുടെ ആഫീസിലെ ഭരണപരമായ ചെലവുകളിൽ ഉൾപ്പെടുത്തി വഹിക്കേണ്ടതാണ്. സർവ്വീസ് സംഘടനകളുടെ [illegible]ത്തിന് തേടാവുന്നതാണ്.

3. എല്ലാ സ്വകാര്യ ആഫീസുകളും സ്ഥാപനങ്ങളും 'ബ്രേക്ക് ദ ചെയിൻ' കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പ്രോത്സാഹിപ്പിക്കേണ്ടതുമാണ്.

4. സംസ്ഥാനത്തെ എല്ലാ റയിൽവേ സ്റ്റേഷനുകളിലും ബസ് സ്റ്റാൻഡുകളിലും, ബോട്ട് ജെട്ടികളിലും 'ബ്രേക്ക് ദ ചെയിൻ' കിയോസ്കുകൾ സ്ഥാപിക്കേണ്ട ചുമതല ഗതാഗത വകുപ്പ് സ്വീകരിക്കേണ്ടതാണ്.

5. സന്നദ്ധ സംഘടനകൾ, സമുദായ സംഘടനകൾ, സർക്കാർ ഇതരസംഘടനകൾ തുടങ്ങിയവയുടെ സഹകരണത്തോടെ സംസ്ഥാനത്തെ എല്ലാ ഓട്ടോ/ ടാക്സി സ്റ്റാൻഡുകളിലും മാർക്കറ്റുകളിലും മറ്റ് പൊതു ഇടങ്ങളിലും 'ബ്രേക്ക് ദ ചെയിൻ' കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

6. സാമൂഹ്യ നീതി വകുപ്പും വനിതാ ശിശുവികസന വകുപ്പും ആരോഗ്യ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും ഗതാഗത വകുപ്പിന്റെയും മറ്റ് ബന്ധപ്പെട്ട ഏജൻസികളുടേയും സഹകരണത്തോടുകൂടി 'ബ്രേക്ക് ദ ചെയിൻ' പ്രചാരണം ഏകോപിപ്പിക്കേണ്ടതാണ്.

7. 'ബ്രേക്ക് ദ ചെയിൻ' പ്രചാരണം 2020 മാർച്ച് 31 വരെ ദീർഘിപ്പിച്ചിരിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
കെ.ആർ.ജ്യോതിലാൽ
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ വകുപ്പ് തലവന്മാർക്കും, ആഫീസുകൾക്കും, ജില്ലാ കളക്ടർമാർക്കും.
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും/ സ്പെഷ്യൽ സെക്രട്ടറിമാർക്കും/ അഡീഷണൽ സെക്രട്ടറിമാർക്കും/ ജോയിന്റ് സെക്രട്ടറിമാർക്കും/ ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/ അണ്ടർ സെക്രട്ടറിമാർക്കും
ഗവർണ്ണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രതിപക്ഷനേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ/ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.
കേരളത്തിലെ എല്ലാ സർക്കാർ ആഫീസുകൾക്കും/ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും/ പൊതുമേഖലാ സ്ഥാപനങ്ങൾക്കും
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി. (വിപുലമായ പ്രചരണത്തിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ